# ‘വിധേയത്വം’

## ആവർത്തനം 10:14

“ഇതാ, സ്വർഗ്ഗവും സ്വർഗ്ഗാധിസ്വർഗ്ഗവും ഭൂമിയും അതിലുള്ളതൊക്കെയും നിന്റെ ദൈവമായ യഹോവെക്കുള്ളവ ആകുന്നു.”

ഇന്ന് ഈ വചനം ധ്യാനിക്കുമ്പോൾ നാം സ്വയം ഒരു ചോദ്യം ചോദിക്കണം. ഇന്നു നാം ഉൾപ്പെടുന്ന ഈ മനുഷ്യകുലം മുഴുവനും അവരുടേതെന്നു പറയുവാൻ പലതും നേടിയെടുക്കുന്ന തത്രപ്പാടിലാണ്. അതു പണമോ, ഭൂമിയോ, വാഹനങ്ങളോ, ഭവനമോ, അത് എന്തുമായിക്കൊള്ളട്ടെ ഈ ലോകത്തിൽ ലഭ്യമായിട്ടുള്ള, ഒരു മനുഷ്യനു നേടാൻ പറ്റുന്നതെന്തും അവൻ ഇന്നു അവകാശമാക്കുവാൻ നോക്കുന്നു. അങ്ങനെയുള്ള നാം ഓരോരുത്തരോടും ദൈവത്തിന്റെ വചനം ഇന്നു വ്യക്തമായി വെളിപ്പെടുത്തി തരികയാണ് ഹേ മനുഷ്യാ! ഈ കാണുന്നതിനൊന്നും, നീ ഇന്നു അവകാശിയെന്നു പറയുന്നതൊന്നും നിന്റെ സ്വന്തമായുള്ളതല്ല. അതിന്റെ സൃഷ്ടാവ് അല്ലെങ്കിൽ യഥാർത്ഥ അവകാശി എന്നു പറയുന്നത് യഹോവയായ ദൈവമാണ്. നീ ഇന്നു വസിക്കുന്ന ഈ ഭൂമിയും അതിലുള്ളതൊക്കെയും എന്തിന് നിന്നെയുൾപ്പെടെ സൃഷ്ടിച്ച ഈ ദൈവമാണ് ഇന്നു അതിന്നു അവകാശിയായിട്ടുള്ളത് എങ്കിൽ നീ എന്തിന്നു വേണ്ടിയാണീ പരക്കം പായുന്നത്. വാസ്തവത്തിൽ നാം ഇന്നു ഈ യഥാർത്ഥമായ അവകാശിയോട് വിധേയപ്പെട്ടു വേണ്ടേ നമ്മുടെ ജീവിതം ക്രമപ്പെടുത്തുവാൻ.

നെഹെമ്യാവു 9:6 ൽ ഇപ്രകാരം പറയുന്നു “നീ, നീ മാത്രം യഹോവ ആകുന്നു; നീ ആകാശത്തെയും സ്വർഗ്ഗാധിസ്വർഗ്ഗത്തെയും അവയിലെ സകലസൈന്യത്തെയും ഭൂമിയെയും അതിലുള്ള സകലത്തെയും സമുദ്രങ്ങളെയും അവയിലുള്ള സകലത്തെയും ഉണ്ടാക്കി; നീ അവയെ ഒക്കെയും രക്ഷിക്കുന്നു; ആകാശത്തിലെ സൈന്യം നിന്നെ നമസ്കരിക്കുന്നു.”

റോമർ 1:20 ൽ പറയുന്നു “അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടിമുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു; അവർക്കു പ്രതിവാദമില്ലാതിരിക്കേണ്ടതിന്നു തന്നേ.”

ഇപ്രകാരം ദൈവ വചനം നമ്മോട് സംസാരിക്കുന്നുവെങ്കിൽ നാം ഇന്നു ഒന്നു നമ്മെ തന്നെ ശോധന ചെയ്തു നോക്കുക, വാസ്തവത്തിൽ നമുക്കിന്നു വിധേയത്വമുള്ളതാരോടാണ്? ഈ ലോകത്തെയും അതിലുള്ള ചരാചരങ്ങളെയും നമ്മെയുമുൾപ്പെടെ

സൃഷ്ടിച്ച് അതിന്മേൽ വാണരുളുന്ന നമ്മുടെ ദൈവത്തോടാണോ അതോ നമ്മെ അതിൽ നിന്നൊക്കെ വഴി തെറ്റിച്ച് നമ്മുടെ ദൈവത്തോട് ശത്രുത്വം പുലർത്താൻ നമ്മെ നയിക്കുന്ന ഈ ലോകത്തിന്റെയും അതിൽ നിബിഢമായിരിക്കുന്ന ജഢമോഹങ്ങളുടെയും വക്താവായ പിശാചിനോടാണോ? തിരഞ്ഞെടുക്കാൻ നാം സ്വതന്ത്രരാണ്. പക്ഷെ നിന്റെ തിരഞ്ഞെടുപ്പിനെ ആശ്രയിച്ചിരിക്കും അന്ത്യനാളിൽ കർത്താവിന്റെ രണ്ടാം വരവിൽ അവൻ നടത്തുന്ന തിരഞ്ഞെടുപ്പിൻ ഫലം. ഇന്നു നാം ദൈവ വിധേയത്വത്തിലായി ദൈവത്തിൻ കീഴ് നമ്മെ തന്നേ സമർപ്പിക്കുന്നുവെങ്കിൽ അന്നു നാം  കർത്താവിനോടൊപ്പം ചേർക്കപ്പെടും. മറിച്ചാണെങ്കിൽ അതിന്റെ ഫലം വളരെ കയ്പേറിയതായ നിത്യനരകമായിരിക്കും. ദൈവത്തെ അറിഞ്ഞിട്ടില്ലെന്നോ അല്ലെങ്കിൽ ആരും ഈ ദൈവത്തെ കാണിച്ചു തന്നിട്ടില്ലെന്നോ എന്നൊന്നും ആർക്കും അന്ന് പറയുവാൻ കഴിയില്ല. കാരണം ദൈവ വചനം കൃത്യമായി നമ്മോട് പറയുകയാണ് അന്നു നമുക്ക് പ്രതിവാദം ഉണ്ടാകാതിരിക്കേണ്ടതിന്നു അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടിമുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു എന്ന്.

അതു കൊണ്ടാണ് **റോമർ 1:21** ൽ ഇപ്രകാരം പറയുന്നത് “അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്നു ഓർത്തു മഹത്വീകരിക്കുകയോ നന്ദി കാണിക്കുകയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു, അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി.’’

അങ്ങനെയെങ്കിൽ ഇന്നു നാം ഒന്നു തീരുമാനിക്കണം, നമ്മുടെ ലോകപരമായ അവകാശങ്ങൾ ലക്ഷ്യം വെച്ച്, നാം ഈ ലോകത്തിൻ അധിപതിയിൽ വിധേയപ്പെട്ടു ജീവിതം മുന്നോട്ടു കൊണ്ടുപോകുവാനാണോ, അല്ല, മറിച്ച്; സർവ്വത്തിന്റെയും ഉടയവനായ നമ്മുടെ ദൈവത്തിന്നു വിധേയപ്പെട്ട് ജീവിക്കുവാനാണോ നമ്മെ ഈ ഭൂമിയിൽ നിലനിർത്തിയിരിക്കുന്നത്. തീരുമാനം തീർത്തും വ്യക്തിപരമാണ്, കാരണം അതിൻ പ്രതിഫലം അവനവൻ സ്വയം അനുഭവിക്കേണ്ടതാണ്. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം :**

**ആവർത്തനം29:11**

നിന്റെ ദൈവമായ യഹോവ നിന്നോടു അരുളിച്ചെയ്തതുപോലെയും അബ്രഹാം, യിസ്ഹാക്, യാക്കോബ് എന്ന നിന്റെ പിതാക്കന്മാരോടു അവൻ സത്യം ചെയ്തതുപോലെയും ഇന്നു നിന്നെ തനിക്കു ജനമാക്കേണ്ടതിന്നും താൻ നിനക്കു

ദൈവമായിരിക്കേണ്ടതിന്നും നിന്റെ ദൈവമായ യഹോവ ഇന്നു നിന്നോടു ചെയ്യുന്ന നിയമത്തിലും സത്യബന്ധത്തിലും പ്രവേശിപ്പാൻ അവന്റെ സന്നിധിയിൽ നിൽക്കുന്നു.

ബ്രദർ ബിനു ബേബി ആലപ്പുഴ 050